പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3085

11.12.2014 ൽ
മറുപടിക്ക്

# നദികളിൽ നിന്നും മണൽ ഖനനം നിയന്ത്രിക്കാൻ നടപടി

ചോദ്യം

ഡോ.കെ.ടി.ജലീൽ
ശ്രീ.രാജു എബ്രഹാം
ശ്രീ. എം.ചന്ദ്രൻ
ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നദികളിൽ നിന്നും മണൽ ഖനനത്തിന് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു പാരിസ്ഥിതിക ആഘാതത്തിന് ഇടയാക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (എ) | 15.11.2014 ലെ സ.ഉ (കൈ) നമ്പർ 13/2014/പരി. ഉത്തരവ് പ്രകാരം മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കപ്പെട്ടിട്ടില്ലാത്ത് നദികളിൽ നിന്ന് മൂന്ന് മാസം വരെ മണൽ ഖനനം നടത്തുന്നതിന് താല്ക്കാലിക അനുമതി നൽകിയിട്ടുണ്ട്. കാലാവസ്ഥ പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസിന് വിധേയമായാണ് ഖനനാനുമതി നൽകുന്നത്. |
| (ബി) | നദികളിൽ നിന്നും വ്യാപകമായി അനധികൃത മണൽ ഖനനം നടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മണൽ മാഫിയയും ഉദ്യോഗസ്ഥരുമായുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് അനധികൃത മണൽ വാരലിന് കാരണമായിട്ടുള്ളതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ കാര്യക്ഷമമായ നടപടി സ്വീകരിക്കാത്തത് എന്തു കൊണ്ടെന്ന് അറിയിക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.അനധികൃതമണൽഖനനത്തിനെതിരെ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകൾ സംയുക്തമായും അല്ലാതെയും സ്ക്വാഡ് പ്രവർത്തനം നടത്തി ഇത്തരം അനധികൃത പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരായി ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നദീതീര സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത നിയമ പ്രകാരമുള്ള നദീ സംരക്ഷണ സേനക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | 2013 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം ഭേദഗതി പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക സംരക്ഷണസേനയുടെ രൂപീകരണം സംബന്ധിച്ച കാര്യം പരിശോധിച്ചു വരുന്നു.<br><br>സെക്ഷൻ ഓഫീസർ |